**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2856** **13-02-2024 - ൽ മറുപടിയ്ക്ക്**

**കോപ് മാർട്ട് ബ്രാന്റിംഗ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി ഒ എസ് അംബിക | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ മേഖലയിലെ ഉല്പന്നങ്ങളുടെ ഓൺലൈൻ വ്യാപാരത്തിനായി ആരംഭിച്ച കോപ് മാർട്ട് ബ്രാന്റിംഗ് വഴി കൈവരിക്കാനായ പുരോഗതി വിശദമാക്കുമോ; കൂടുതൽ ഉല്പന്നങ്ങൾ ബ്രാന്റിംഗിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ? | (എ) | ഉണ്ട്.<br><br>സഹകരണ സംഘങ്ങൾ ഉല്പാദിപ്പിക്കുന്ന ഭക്ഷ്യ-ഭക്ഷ്യേതര ഉല്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുന്നതിനും സംഘങ്ങളുടെ ഉല്പാദന നിർമ്മാണ പ്രവർത്തനങ്ങളിൽ സുസ്ഥിരത കൈവരിക്കുന്നതിനും വിപണന രംഗത്ത് ശക്തമായ സാന്നിധ്യം ഉറപ്പാക്കുന്നതിനുമായി സഹകരണ മേഖലയിൽ "ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്" എന്ന ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്.<br><br>സഹകരണ സംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിലുള്ള 80-ഓളം സഹകരണ സംഘങ്ങൾ ഗുണനിലവാരമുള്ള വിവിധങ്ങളായ 450-ൽപ്പരം ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ടി ഉൽപ്പന്നങ്ങളുടെ ഗുണനിലവാരം ഉറപ്പ് വരുത്തി ഏകീകൃത ബ്രാൻഡിംഗ് കൊണ്ടുവന്ന് വിപണി ശൃംഖല കെട്ടിപ്പടുത്തുക, ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ന്യായ വിലയിൽ ലഭ്യമാക്കുക, ദേശീയ അന്തർദേശീയ വിപണിയിലേക്ക് ചുവട് വയ്ക്കുക, കേരളത്തിൽ പ്രധാന സ്ഥലങ്ങളിൽ ഔട്ട് ലെറ്റ് സ്ഥാപിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ സഹകരണ വകുപ്പ് ആരംഭിച്ച "ബ്രാൻഡിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രൊഡക്ട്സ്" എന്ന പദ്ധതിയുടെ ഭാഗമായി ഉപഭോക്താക്കൾക്ക് ഗുണമേന്മയേറിയ ഉൽപ്പന്നങ്ങൾ ന്യായ വിലയിൽ ലഭ്യമാക്കുന്നതിനായി എല്ലാ ജില്ലകളിലും **coopmart** ഔട്ട് ലെറ്റ്കൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടം ആരംഭിച്ച **14** കോപ്മാർട്ടുകൾക്ക് പുറമെ പുതിയ 16 കോപ്മാർട്ടുകൾ കൂടി ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതാണ്. കൂടാതെ പുതിയ 200 കോപ് മാർട്ടുകൾ ആരംഭിക്കുന്നതിനു വേണ്ടി സന്നദ്ധതയുള്ള പ്രാഥമിക കാർഷിക വായ്പാ സഹകരണ |

| | | | |
|---|---|---|---|
| | | | സംഘങ്ങളുടെ ലിസ്റ്റ് ജില്ലകളിൽ നിന്നും ലഭ്യമായി വരികയാണ്. അപ്രകാരം ഘട്ടം ഘട്ടമായി കോപ് മാർട്ടുകൾ എല്ലാ പഞ്ചായത്തുകളിലേക്കും വ്യാപിപ്പിക്കാനുള്ള നടപടി സ്വീകരിച്ചു വരുകയാണ്.<br><br>സഹകരണ ഉൽപ്പന്നങ്ങളുടെ ഓൺലൈൻ വിപണി ഉൾപ്പടെയുള്ള ലക്ഷ്യ സാക്ഷാൽക്കാരത്തിനായി സഹകരണ സംഘങ്ങളുടെ ഗുണമേന്മയുള്ള വിവിധ ഉത്പന്നങ്ങൾക്ക് കോപ്കേരള (**coopkerala)** സർട്ടിഫിക്കേഷൻ മാർക്ക് നല്കിവരുകയാണ്. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെയും നിലവിലുള്ള സുരക്ഷ സ്റ്റാൻഡേർഡുകളുടെയും അടിസ്ഥാനത്തിൽ സെൻട്രൽ ഗവണ്മെന്റ് അംഗീകാരമുള്ള **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നൽകുന്നതിന് സർക്കാർ 11 അംഗ മാനേജിംഗ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സഹകരണ ഉൽപ്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ അടിസ്ഥാനത്തിൽ ടി കമ്മിറ്റി **coopkerala** സർട്ടിഫിക്കേഷൻ മാർക്ക് നല്കിവരുകയാണ്.<br><br>ഉന്നത ഗുണനിലവാരമുള്ള സഹകരണ ഉൽപ്പന്നങ്ങൾ **coopkerala** സർട്ടിഫിക്കേഷൻ മാർക്കോടു കൂടി ആമസോൺ ഓൺലൈൻ പ്ലാറ്റ്ഫോമിലൂടെ രാജ്യത്തെ കൂടുതൽ ജനങ്ങളിലേക്ക് എത്തിച്ചുകൊണ്ടിരിക്കുകയാണ്. സുരക്ഷിത ഭക്ഷണമായ സഹകരണ ഉൽപ്പന്നങ്ങളെ കൂടുതൽ ജനങ്ങളിലേക്ക് പരിചയപ്പെടുത്തുന്നതിനും കൂടുതൽ സ്വീകാര്യത ലഭിക്കുന്നതിനും സഹകരണ വകുപ്പ് സംഘടിപ്പിച്ച ചരിത്ര വിജയമായി തീർന്ന രണ്ട് സഹകരണ എക്സ്പോയിലൂടെയും ഡൽഹിയിൽ നടന്ന അന്തർദേശീയ ട്രേഡ് ഫെയറിലൂടെയും കഴിഞ്ഞിട്ടുണ്ട്. 2023 ൽ ഡൽഹിയിൽ വച്ച് നടന്ന അന്തർദേശീയ ട്രേഡ് ഫെയർ (IITF-2023) ൽ സഹകരണ വകുപ്പ് ഒരുക്കിയ തീം സ്റ്റാളിന് ഒന്നാം സ്ഥാനം ലഭിച്ചു.<br><br>കൂടുതൽ ഉല്പന്നങ്ങൾ ബ്രാന്റിംഗിൽ ഉൾപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുള്ളതും അതിനായി ഉൽപ്പന്നങ്ങൾ ഉള്ള സംഘങ്ങളിൽ നിന്നും അപേക്ഷകൾ ലഭ്യമാക്കിവരികയുമാണ്. |

സെക്ഷൻ ഓഫീസർ